2025 SEPTEMBER
24
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# പാക്കിസ്ഥാൻ വിമാനങ്ങൾക്കുള്ള വ്യോമഗതാഗത വിലക്ക് നീട്ടി ഇന്ത്യ

**ന്യൂഡൽഹി:** പാക്കിസ്ഥാൻ വിമാനങ്ങൾക്ക് ഇന്ത്യ ഏർപ്പെടുത്തിയ വ്യോമഗതാഗത വിലക്ക് ഒക്ടോബർ 23 വരെ നീട്ടി. ഇന്ത്യൻ വിമാനങ്ങൾക്കെതിരായ വിലക്ക് പാക്കിസ്ഥാനും ഒക്ടോബർ 23 വരെ നീട്ടിയിരുന്നു. മറ്റ് രാജ്യങ്ങളുടെ വിമാനങ്ങൾക്ക് ഇരു രാജ്യങ്ങളുടെയും വ്യോമ മേഖല ഉപയോഗിക്കുന്നതിനു വിലക്കില്ല. പാക്ക് വ്യോമ മേഖല അടച്ചതിനാൽ ഉത്തരേന്ത്യൻ വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകൾ ദൂരം കൂടിയ ബദൽ റൂട്ടുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ജമ്മു കശ്മീരിലെ പഹൽഗാമിൽ 26 പേരെ വെടിവെച്ചു കൊന്ന ഭീകരാക്രമണത്തിനു തൊട്ടടുത്ത ദിവസം, ഏപ്രിൽ 23നാണ് പാക്കിസ്ഥാൻ ആദ്യമായി വ്യോമപാത അടച്ചത്. തുടക്കത്തിൽ ഒരു മാസത്തേക്കായിരുന്നു വിലക്ക്. ഇതിനു മറുപടിയായി ഇന്ത്യയും ഏപ്രിൽ 30ന് പാക്കിസ്ഥാൻ വിമാനങ്ങൾക്ക് വ്യോമപാത അടയ്ക്കുകയായിരുന്നു. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് സിന്ധു നദീജല കരാർ ഇന്ത്യ റദ്ദാക്കിയതിനു ശേഷമാണ് പാക്കിസ്ഥാൻ വ്യോമപാത അടയ്ക്കാൻ തീരുമാനിച്ചത്. നൂറ്റിയമ്പതോളം ഇന്ത്യൻ വിമാനങ്ങളാണ് ഓരോ ദിവസവും പാക്കിസ്ഥാന്റെ വ്യോമപാതയിലൂടെ ദിനംപ്രതി മറ്റു രാജ്യങ്ങളിലേക്കു പോയിരുന്നത്. ട്രാൻസിറ്റ് ഗതാഗതം ഏകദേശം 20 ശതമാനം കുറയുകയും ചെയ്തു.



## ഓഹരി വിപണിക്ക് മുഹൂർത്ത വ്യാപാരം ഒക്ടോബർ 21ന് പ്രതീക്ഷയോടെ സംവത് 2082– ാം വർഷത്തിലേക്ക്

**മുംബൈ:** ഓഹരി നിക്ഷേപകർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ വർഷത്തെ മുഹൂർത്ത വ്യാപാരം ദീപാവലി ദിനമായ ഒക്ടോബർ 21ന് നടക്കും. ഹൈന്ദവ വിശ്വാസ പ്രകാരമുള്ള സംവത്2082 വർഷാരംഭത്തിന്റെ ഭാഗമായി ഓരോ വർഷവും സംഘടിപ്പിക്കുന്ന ഒരു മണിക്കൂർ നീളുന്ന പ്രത്യേക വ്യാപാര സെഷനാണിത്. 21ന് ഉച്ചയ്ക്ക് ഒന്നര മുതൽ 1.45 വരെ പ്രീഓപ്പൺ സെഷനും 1.45 മുതൽ 2.45 വരെ സാധാരണ വ്യാപാരവും നടക്കുമെന്ന് എൻഎസ്ഇ സർക്കുലർ വ്യക്തമാക്കി.



പുതിയ ബിസിനസ് പ്രവർത്തനങ്ങൾ ആരംഭിക്കുക, നിക്ഷേപങ്ങൾ തുടങ്ങുക, വീടോ വാഹനങ്ങളോ വസ്ത്രങ്ങളോ ആഭരണങ്ങളോ വാങ്ങുക എന്നിവയ്ക്കെല്ലാം ശുഭകരവും ഐശ്വര്യപൂർണവുമായ മുഹൂർത്തമായാണ് ഈ ഒരു മണിക്കൂറിനെ കാണുന്നത്. പുതിയ ഓഹരികൾ വാങ്ങാനും നിലവിലെ ഓഹരി പങ്കാളിത്തം കൂട്ടാനും ശുഭകരമായ സമയമായി ഓഹരി നിക്ഷേപകരും മുഹൂർത്ത വ്യാപാരത്തെ പരിഗണിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ വൈകിട്ട് 6 മുതൽ 7 വരെയായിരുന്നു മുഹൂർത്ത വ്യാപാരം നടന്നതെങ്കിൽ, ഇക്കുറിയത് ഉച്ചയ്ക്കാണെന്നത് അപൂർവതയാണ്. ഐശ്വര്യദേവതയായ ലക്ഷ്മിദേവിക്ക് പൂജകൾ അർപ്പിച്ചാണ് ഓരോ വർഷവും മുഹൂർത്ത വ്യാപാരം ആരംഭിക്കുന്നത്. പൊതുവേ മുഹൂർത്ത വ്യാപാരത്തിൽ സെൻസെക്സും നിഫ്റ്റിയും നേട്ടം കൈവരിക്കാറുണ്ട് .

# വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി വിറ്റഴിക്കാൻ കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി വിറ്റഴിക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നതായി റിപ്പോർട്ട്. കേന്ദ്ര സർക്കാരിന് അൻപത് ശതമാനത്തിൽ താഴെ ഉടമസ്ഥതയുള്ള സ്ഥാപനങ്ങളുടെ ഓഹരികളാണ് വിറ്റഴിക്കുക.

അരഡസനോളം പൊതുമേഖലാ കമ്പനികളിലുള്ള സർക്കാർ ഓഹരികളാണ് വിൽക്കുന്നതെന്ന് ഡിപ്പാർട്ട്മെൻറ് ഓഫ് ഡിസ്ഇൻവെസ്റ്റ്മെൻറ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെൻറ് സെക്രട്ടറി അരുണിഷ് ചൗള  പറഞ്ഞതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഏതൊക്കെ കമ്പനികളുടെ ഓഹരികളാണ് വിൽപ്പനയ്ക്കു പരിഗണിക്കുന്നതെന്ന് ചൗള വ്യക്തമാക്കിയില്ല.

യുകോ ബാങ്ക്, ബാങ്ക് ഓഫ് മഹാരാഷ്ട്ര എന്നിവയുൾപ്പെടെ അഞ്ച് പൊതുമേഖലാ ബാങ്കുകളിലെ ഓഹരികൾ വിൽക്കാനും രാജ്യത്തെ ഏറ്റവും വലിയ ഇൻഷ്വറൻസ് കമ്പനിയായ ലൈഫ് ഇൻഷ്വറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയിലെ ഓഹരി പങ്കാളിത്തം കുറയ്ക്കാനും സർക്കാർ നിർബന്ധിതരാണ്. നിയമമനുസരിച്ച് എൽഐസിയിലെ ഓഹരി പങ്കാളിത്തം സർക്കാരിന് കുറയ്ക്കേണ്ടതുണ്ട്.

പ്രകൃതിവിഭവ മേഖലയിലെ ഒരു പൊതുമേഖല സ്ഥാപനത്തിന്റെ പ്രാഥമിക ഓഹരി വില്പന (ഐപിഒ) നടക്കുമെന്നും ചൗള സൂചന നല്കി. ഏതു കമ്പനിയുടെ ഓഹരിയാണ് വിൽപ്പന നടത്തുകയെന്ന് ചൗള വ്യക്തമാക്കിയില്ല. ഒഎൻജിസി, എൻഎച്ച്പിസി എന്നിവയിലെ ഹരിതോർജ യൂണിറ്റുകളായ ഒഎൻജിസി ഗ്രീൻ എനർജി, എൻഎച്ച്പിസി റിന്യൂവബിൾ എനർജി എന്നിവയുടെ ഐപിഒയാകും നടക്കുയെന്നാണ് വിവരം. ഈ കമ്പനികളുടെ ഐപിഒ ഈ വർഷം തന്നെ നടക്കുമെന്നാണ് സൂചന.




ഇതിനൊപ്പം മറ്റ് ചില പൊതുമേഖല സ്ഥാപനങ്ങളിലെ ചെറിയ ശതമാനം ഓഹരികൾ വിറ്റൊഴിയാനും സർക്കാരിന് പദ്ധതിയുണ്ട്. ഇൻഷ്വറൻസ്, പ്രതിരോധ കമ്പനികളുടെ കൂടുതൽ ഓഹരികൾ വിറ്റഴിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

2026 മാർച്ച് 31ന് അവസാനിക്കുന്ന ഈ സാമ്പത്തികവർഷത്തിൽ ഓഹരി വില്പനയിലൂടെയും ആസ്തി ധനസമ്പാദനത്തിലൂടെയും കേന്ദ്രസർക്കാർ 47,000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ വർഷം അവസാനത്തോടെ ഐഡിബിഐ ബാങ്ക് ഓഹരി വിറ്റഴിക്കൽ പൂർണമാകുമെന്നാണ് കരുതുന്നതെന്ന് ചൗള പ്രത്യാശ പ്രകടിപ്പിച്ചു.

# റിട്ടേൺ 4500%; ബിവൈഡിയിലെ ഓഹരികൾ മുഴുവൻ വിറ്റ് ബഫറ്റിന്റെ കമ്പനി

**ന്യൂയോർക്ക്:** ചൈനീസ് ഇലക്ട്രിക് വാഹന നിർമാതാവായ ബിവൈഡിയിലെ മുഴുവൻ ഓഹരിയും വിറ്റൊഴിഞ്ഞ് വാറൻ ബഫറ്റിന്റെ നിക്ഷേപക കമ്പനി ബെർക്ക്ഷെയർ ഹാത്തവേ. ബഫറ്റിന്റെ നീക്കത്തിന് പിന്നാലെ ബിവൈഡി ഓഹരികൾ ഇന്നലെ മൂന്നു ശതമാനത്തിലധികം ഇടിഞ്ഞു. മൂന്നാഴ്ചയ്ക്കിടെ കമ്പനിയുടെ ഓഹരികൾ നേരിട്ട ഏറ്റവും വലിയ തിരിച്ചടിയാണിത്. 17 വർഷത്തിനിടെ 45 മടങ്ങോളം റിട്ടേൺ നേടിയ ശേഷമാണ് പിന്മാറ്റം.



2008ൽ 230 മില്യൺ ഡോളറിനാണ് ബിവൈഡിയിലെ 22.5 കോടി ഓഹരികൾ ബെർക്ക്ഷെയർ ഹാത്തവേ സ്വന്തമാക്കുന്നത്. 2022 ഓഗസ്റ്റിൽ ആദ്യമായി ബിവൈഡി ഓഹരികൾ കമ്പനി വിൽക്കാൻ ആരംഭിച്ചു.

നിക്ഷേപത്തിന്റെ മൂല്യം ഇരുപത് മടങ്ങ് വർധിച്ചതോടെയാണ് വിൽപ്പന ആരംഭിച്ചത്. കഴിഞ്ഞ വർഷം ജൂണിലെത്തിയപ്പോൾ ബാക്കിയുണ്ടായിരുന്ന 76 ശതമാനം ഓഹരികളും കൂടി കമ്പനി വിറ്റു. ഇതോടെ ബിവൈഡിയിലെ ബെർക്ക്ഷെയർ ഹാത്തവേയുടെ ഓഹരി വിഹിതം അഞ്ച് ശതമാനത്തിൽ താഴെയായി.

ഹോങ്കോംഗ് സ്റ്റോക്ക് എക്സ്ചേഞ്ചിലെ ചട്ടം അനുസരിച്ച് അഞ്ചു ശതമാനത്തിൽ താഴെയുള്ള ഓഹരി നിക്ഷേപങ്ങളുടെ വിൽപ്പന വെളിപ്പെടുത്തണമെന്നില്ല. എന്നാൽ കഴിഞ്ഞ ദിവസം ബെർക്ക്ഷെയറിന്റെ സബ്സിഡിയറി സ്ഥാപനമായ ബെർക്ക്ഷെയർ എനർജി സമർപ്പിച്ച ഓഹരി ഫയലിംഗിലാണ് വിൽപ്പന വിവരങ്ങൾ പുറത്തുവന്നത്.

2024ന്റെ അവസാനം 415 മില്യൻ ഡോളറുണ്ടായിരുന്ന ബിവൈഡിയിലെ ഓഹരി വിഹിതം ഇക്കുറി പൂജ്യത്തിലെത്തി. ഇക്കാര്യം യുഎസ് കമ്പനിയുടെ വക്താവ് സ്ഥിരീകരിക്കുകയും ചെയ്തു.

ബിവൈഡിയിലെ ആദ്യ വാങ്ങലിനു തൊട്ടുമുൻപുള്ള ദിവസം മുതൽ ഈ വർഷം മാർച്ച് 31 വരെയായി ബെർക്ക്ഷെയർ ഹാത്തവേയ്ക്ക് റിട്ടേൺ ലഭിച്ചത് 4500 ശതമാനം. 17 വർഷങ്ങൾക്ക് മുൻപ് വലിയ പ്രശസ്തിയൊന്നുമില്ലാതിരുന്ന സെൽ ഫോണുകൾക്ക് ബാറ്ററി നിർമിച്ചു നൽകുന്ന കമ്പനിയിൽ നിന്നാണ് ബിവൈഡി രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രിക്, ഹൈബ്രിഡ് കാർ നിർമാതാക്കാളാകുന്നത്. അക്കാലത്ത് ബഫറ്റിന്റെ ദീർഘകാല ബിസിനസ് പങ്കാളിയായ ചാർളി മുംഗറുടെ ഉപദേശമാണ് ബെർക്ക്ഷെയറിന് ഈ നിക്ഷേപത്തിനെ പ്രേരിപ്പിച്ചത്. ബിവൈഡിയിലെ ഓഹരികൾ പൂർണമായും വിൽക്കുന്ന കാര്യത്തിൽ ബെർക്ക്ഷെയർ ഹാത്തവേ കൃത്യമായ കാരണമൊന്നും നൽകിയിട്ടില്ല.

# ഇന്ദിരാഗാന്ധി ആശുപത്രിയിൽ ഡിജിറ്റൽ റേഡിയോ ഗ്രാഫി ആരംഭിച്ചു



എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി കോഓപ്പറേറ്റീവ് ആശുപത്രിയിൽ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഡൗൺ ടൗൺ സംഭാവന ചെയ്ത ആധുനിക ഡിജിറ്റൽ റേഡിയോ ഗ്രാഫി സംവിധാനത്തിന്റെ ഉദ്ഘാടനം റോട്ടറി ഡിസ്ട്രിക്റ്റ് 3205 ഗവർണ്ണർ ഡോ. ജി. എൻ രമേഷ് നിർവ്വഹിക്കുന്നു. ഇക്ബാൽ വലിയ വീട്ടിൽ, ആർ. ജയശങ്കർ, സൂസി പോൾ, മുരളീധരൻ ആലപ്പാട്ട്, അജയ് തറയിൽ, ഡോ. ഹസീന മുഹമ്മദ്, എൻ. എ അബ്രാഹം, പി.ഡി അശോകൻ, അഡ്വ. സുന്ദര വടിവേലു, സജി ചന്ദ്രൻ, എം.ഒ ജോൺ, രേഖാ അഗവർവാൾ, പി.വി അഷ്റഫ് തുടങ്ങിയവർ സമീപം

**കൊച്ചി:** എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി കോഓപ്പറേറ്റീവ് ആശുപത്രിയിൽ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഡൗൺ ടൗൺ സംഭാവന ചെയ്ത എക്സ് റേ യൂണിറ്റ് ഉൾപ്പെടെയുള്ള ഡിജിറ്റൽ റേഡിയോ ഗ്രാഫി സംവിധാനത്തിന്റെ ഉദ്ഘാടനം റോട്ടറി ഡിസ്ട്രിക്റ്റ് 3205 ഗവർണ്ണർ ഡോ. ജി. എൻ രമേഷ് നിർവ്വഹിച്ചു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള രോഗ നിർണ്ണയം സാധാരണക്കാർക്ക് കൂടി ലഭ്യമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഡോ. ജി. എൻ രമേഷ് പറഞ്ഞു. ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ആരംഭിച്ചിരിക്കുന്ന ഡിജിറ്റൽ റേഡിയോ ഗ്രാഫി, എക്സ് റേ യൂണിറ്റ് സാധാരണക്കാർക്ക് ഏറെ ഉപകാരപ്രദമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഡൗൺ ടൗണിന്റെകൂടി സഹായത്താൽ ആരംഭിച്ച ഡയാലിസ് യൂണിറ്റിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ 20,000 ഡയാലിസിസ് നടത്തിയെന്നും അതിൽ 15,000 എണ്ണം സൗജന്യമായിരുന്നുവെന്നും സെക്രട്ടറി അജയ് തറയിൽ പറഞ്ഞു. റോട്ടറിയുടെ സഹകരണത്തിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്തിയതായി ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ പറഞ്ഞു. റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഡൗൺ ടൗൺ പ്രസിഡന്റ് സൂസി പോൾ അധ്യക്ഷത വഹിച്ചു. ഡിജിഎൻ റൊട്ടേറിയൻ ആർ. ജയശങ്കർ പദ്ധതി വിശദീകരണം നടത്തി. റോട്ടറി മുൻ ഗവർണർ അഡ്വ. സുന്ദര വടിവേലു, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഡൗൺ ടൗൺ മുൻ പ്രസിഡന്റ് രേഖാ അഗവർവാൾ, സെക്രട്ടറി സജി ചന്ദ്രൻ, ആശുപത്രി ഡയറക്ടർമാരായ ഇക്ബാൽ വലിയ വീട്ടിൽ, പി.വി അഷ്റഫ്, പി.ഡി അശോകൻ, എൻ. എ അബ്രാഹം, മുരളീധരൻ ആലപ്പാട്ട്, ഡോ. ഹസീന മുഹമ്മദ്, മെഡിക്കൽ സൂപ്രണ്ട് ഡോ. സച്ചിദാനന്ദ കമ്മത്ത് തുടങ്ങിയവർ സംസാരിച്ചു.

# അസാപ് കേരള കാലിബ്രേഷൻ ടെസ്റ്റിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അസാപ് കേരള, കൊച്ചി കളമശ്ശേയിലെ, STIC സെന്ററുമായി ചേർന്ന് നടത്തുന്ന. സർട്ടിഫൈഡ് ഫണ്ടമെന്റൽസ് ഓഫ് കാലിബ്രേഷൻ & ക്വാളിറ്റി കോൺസെപ്റ്റ്സ് ഓഫ് മെട്രോളജിക്കൽ ഇൻസ്ട്രുമെന്റ്സ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ കേന്ദ്രത്തിൽ സെപ്റ്റംബർ 27ന് ആരംഭിക്കുന്ന കോഴ്സിന്റെ ദൈർഘ്യം 45 മണിക്കൂർ ആണ്.

സർട്ടിഫിക്കേഷനോടുകൂടിയ ഈ കോഴ്സിൽ ഡിപ്ലോമ/ബിരുദ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനും അവസരമുണ്ട്. അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 25.

കൂടുതൽ വിവരങ്ങൾക്ക്: 9495999749/ 9995288833 അല്ലെങ്കിൽ വെബ്സൈറ്റ് ആയ www.asapkerala.gov.in സന്ദർശിക്കുക.

# ഓപ്പൺ ജിമ്മും ചിൽഡ്രൻസ് പാർക്കും തുറന്നു

**കൊച്ചി:** ഏലൂർ നഗരസഭയിൽ വടക്കും ഭാഗത്ത് പുതിയതായി നിർമ്മാണം പൂർത്തീകരിച്ച ഓപ്പൺ ജിമ്മും ചിൽഡ്രൻസ് പാർക്കും വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ചെലവഴിച്ചാണ് പാർക്കും , ഓപ്പൺ ജിമ്മും പൊതുജങ്ങൾക്കായി തുറന്ന് കൊടുത്തത്. ചടങ്ങിൽ ഏലൂർ നഗരസഭ ചെയർമാൻ എ.ഡി സുജിൽ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് ജയശ്രീ സതീഷ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ വി.എ ജെസ്സി,പി.എ ഷെറീഫ്,കെ എ മാഹിൻ, നിസി സാബു കൗൺസിലർമാരായ സുബൈദ നൂറുദ്ദീൻ, സീമ സിജു എന്നിവർ പങ്കെടുത്തു.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേക്കുള്ള ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ കാർ (ഡ്രൈവർ ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. വാഹനം വാടകക്ക് നൽകാൻ ആഗ്രഹിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ 14 ദിവസത്തിനകം സമർപ്പിക്കണം. വിലാസം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കാര്യാലയം, എറണാകുളം, ജില്ലാ കോടതി സമുച്ചയം, കൊച്ചി 682011.ഫോൺ:7025494006.

# രണ്ടാം ഘട്ട പൊതു തെളിവെടുപ്പ് ഭൂതത്താൻകെട്ടിൽ നടന്നു

**കൊച്ചി:** താനൂർ ബോട്ടപകടവുമായി ബന്ധപ്പെട്ട് നിയമിക്കപ്പെട്ട ജസ്റ്റിസ് വി. കെ മോഹനൻ ജുഡീഷ്യൽ കമ്മീഷൻ സംസ്ഥാന വ്യാപകമായി നടത്തുന്ന രണ്ടാം ഘട്ട പൊതു തെളിവെടുപ്പും ഹിയറിംഗും ഭൂതത്താൻകെട്ടിൽ സംഘടിപ്പിച്ചു.

ജലാശയങ്ങളിൽ സർവീസ് നടത്തുന്ന ബോട്ടുകളിൽ പരിശോധന നടത്താൻ കനാൽ ഓഫീസർമാരുടെ സേവനം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുക,

ഭൂതത്താൻകെട്ടിൽ ആറുമാസമെങ്കിലും ബോട്ടിംഗ് നടത്താൻ സാഹചര്യമൊരുക്കുക, മലിനീകരണ സാധ്യത ഒഴിവാക്കാൻ സോളാർ ബോട്ടുകൾ ഉപയോഗിക്കുക എന്നിങ്ങനെ നിരവധി നിർദേശങ്ങൾ തെളിവെടുപ്പിൽ ഉയർന്നുവന്നു. രജിസ്റ്റർ ചെയ്ത 16 പേരിൽ 12 പേർ ഹിയറിംഗിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

ജലഗതാഗത മേഖലയിൽ അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് പരിഹാര മാർഗങ്ങൾ ശുപാർശ ചെയ്യുക, നിലവിലുള്ള ലൈസൻസിങ് എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിക്കുക, മുൻകാലങ്ങളിലുണ്ടായ ബോട്ട് അപകടങ്ങളെ തുടർന്ന് നിയോഗിച്ച അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് തെളിവെടുപ്പ് നടന്ന് വരുന്നത്. ജില്ലയിലെ തെളിവെടുപ്പ് ഇതോടുകൂടി പൂർത്തിയായി.

ഭൂതത്താൻകെട്ട് ഇറിഗേഷൻ ഇൻസ്പെക്ഷൻ ബംഗ്ലാവിൽ നടന്ന തെളിവെടുപ്പിൽ കമ്മീഷൻ അംഗങ്ങളായ കുസാറ്റ് ഷിപ്പ് ബിൽഡിങ് ടെക്നോളജി വിഭാഗം റിട്ട. പ്രൊഫസർ ഡോ. കെ. പി നാരായണൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി റിട്ട. ജില്ലാ ജഡ്ജി ടി.കെ രമേഷ് കുമാർ, കോർട്ട് ഓഫീസർ റിട്ട. മുൻസിഫ് മജിസ്ട്രേറ്റ് ജി. ചന്ദ്രശേഖരൻ, കമ്മീഷൻ ജോയിന്റ് സെക്രട്ടറി ശിവ പ്രസാദ്, കമ്മീഷൻ അഭിഭാഷകൻ അഡ്വ. ടി.പി രമേശ്, നോഡൽ ഓഫീസറും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിയുമായ ലിജോ ജോസഫ്, ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ബോട്ട് ജീവനക്കാർ, ഉടമകൾ, തുടങ്ങിയവർ പങ്കെടുത്തു.

# വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിൽ വലിയ വികസന മുന്നേറ്റമെന്ന് മന്ത്രി കേളു



**മാനന്തവാടി:** വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിൽ ജില്ല നേടിയത് വലിയ വികസന മുന്നേറ്റമെന്ന് പട്ടിക ജാതി പട്ടിക വർഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു. പേരിയ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ കെട്ടിടോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പേരിയ സിഎച്ച്സിയിൽ അത്യാധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് പുതിയ വനിത വാർഡ് ഒരുക്കിയതെന്നും മന്ത്രി പറഞ്ഞു.

വയനാട് മെഡിക്കൽ കോളജ് എംബിബിഎസ് ക്ലാസുകൾ അടുത്ത മാസം ആരംഭിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളായ പിഎച്ച്സികളും സിഎച്ച്സികളും ഉയർന്ന നിലവാരമാണ് പുലർത്തുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ പേരിയ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ വികസനം ലക്ഷ്യമിട്ട് ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 29 ലക്ഷം രൂപ ചെലവഴിച്ചാണ് പുതിയ കെട്ടിട നിർമാണം പൂർത്തികരിച്ചത്. സെൻട്രൽ വേർഹൗസിങ്ങ് കോർപ്പറേഷന്റെ സിഎസ്ആർ ഫണ്ടിൽ നിന്നുള്ള 10 ലക്ഷം രൂപ വിനിയോഗിച്ച് വനിത വാർഡും പണി പൂർത്തീകരിച്ചു.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി അധ്യക്ഷനായ ഉദ്ഘാടന സമ്മേളനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ കെ ജയഭാരതി, ജില്ലാ പഞ്ചായത്ത് അംഗം മീനാക്ഷി രാമൻ, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സൽമ മോയിൻ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ കെ വി വിജോൾ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ പി കല്യാണി, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഡിഎംഒ ഡോ. ടി മോഹൻദാസ്, എച്ച്എംസി അംഗങ്ങൾ, പെരിയ സിഎച്ച്സി മെഡിക്കൽ ഓഫീസർ ഡോ. വി ആർ ശ്രീജ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# എം.കെ അർജ്ജുനൻ മാസ്റ്റർ ഗ്രൗണ്ട് ആന്റ് കൾച്ചറൽ സെന്റർ നവീകരണം തുടങ്ങി

**കൊച്ചി:** സംഗീതജ്ഞനും സാംസ്കാരിക കൊച്ചിയുടെ നിറസാന്നിധ്യവുമായിരുന്ന യശശരീരനായ എം.കെ. അർജ്ജുനൻ മാസ്റ്ററുടെ നാമധേയത്തിൽ ഏറ്റവും ആധുനിക രീതിയിൽ പുനർ ദൃശ്യ രൂപകൽപ്പന ചെയ്ത് പള്ളുരുത്തിയിൽ തയ്യാറാക്കുന്ന കൾച്ചറൽ സെന്റർ കം സ്പോർട്സ് സെന്ററിന്റെ നവീകരണ ഉദ്ഘാടനം കൊച്ചി എംഎൽഎ കെ. ജെ മാക്സി നിർവഹിച്ചു.

കൊച്ചി നഗരസഭ പരിധിയിലായി പള്ളുരുത്തിയിൽ 1.59 ഏക്കറിൽ സ്ഥിതി ചെയ്യുന്ന എം.കെ അർജ്ജുനൻ മാസ്റ്റർ ഗ്രൗണ്ടിന്റെ സ്റ്റേജ് ഉൾപ്പെടെയുള്ള നവീകരണം. പരമ്പരാഗത കലകളെ പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരികകേന്ദ്രം ആരംഭിക്കുക വഴി പ്രാദേശിക കലാകാരൻമാർക്ക് ഉൾപ്പെടെ മികച്ച വേദി സജ്ജമാകുന്നു എന്നിവയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പുതുതലമുറയിൽ സാംസ്കാരിക പൈതൃകത്തെ കുറിച്ചുള്ള അറിവുകൾ നൽകുന്നതിനും മികവ് സൃഷ്ടിക്കുന്നതിനുമായി ശിൽപ്പശാലകൾ, സംഗീതസദസ്സുകൾ, മെഗാ ഇവന്റ്സ്, കലാപ്രകടനങ്ങൾ, മറ്റു കലാ അവതരണങ്ങൾ, എക്സിബിഷനുകൾ, വിദ്യാഭ്യാസപരിപാടികൾ എന്നിവക്കായുള്ള മികച്ച വേദി സൃഷ്ടിക്കപ്പെടുന്നതിനൊപ്പം പൊതുജനങ്ങൾക്കായി കൂടുതൽ സൗകര്യപ്രദമായ പൊതുയിടങ്ങൾ ഒരുക്കുന്നതിനും റിക്രിയേഷൻ സ്പേസ് സജ്ജമാക്കുന്നതിനുമുള്ള കൊച്ചി മേയറുടെ നിർദ്ദേശത്താലാണ് വിവിധോദ്ദേശ്യ വിശദപദ്ധതി തയ്യാറാക്കിയത്.

ഗ്രീൻ റൂം ഉൾപ്പെടെയുള്ള നിലവിലെ കെട്ടിടത്തിന്റെ ശേഷി വർദ്ധിപ്പിക്കും. സന്ദർശകർക്കുള്ള സൗകര്യാനുസരണം ആധുനിക ടോയ്‌ലറ്റ് സംവിധാനം നിർമ്മിക്കും. നിർമാണങ്ങളെല്ലാം ഭിന്നശേഷി സൗഹൃദപരമായിരിക്കും. എല്ലാ പ്രായത്തിലുള്ളവർക്കും വ്യായാമം ചെയ്യുന്നതിനായി ഗ്രൗണ്ടിന് ചുറ്റുമായി സൗകര്യപ്രദമായ വാക് വേ നിർമ്മിക്കും. വിശ്രമിക്കുന്നതിനും സമയം ചിലവിടുന്നതിനുമായി കൂടുതൽ ഇരിപ്പിടങ്ങൾ സജ്ജമാക്കും. ഓപ്പൺ ജിം, ആംഫി തീയറ്റർ, കുട്ടികൾക്കായി കളിയിടം, സെക്യൂരിറ്റി ക്യാബിൻ, ഫീഡിങ് റൂം എന്നിവയും ഉണ്ടാകും. ഗ്രൗണ്ടിന്റെ ചുറ്റുമതിൽ നവീകരിച്ച് ആകർഷകമാക്കും. ഹൈ മാസ്റ്റ് ലൈറ്റ്, കൂടുതൽ ബൊള്ളാർഡ് ലൈറ്റുകൾ, ലാമ്പ് പോസ്റ്റുകൾ എന്നിവ സ്ഥാപിക്കും.കൂടുതൽ കായിക പ്രവർത്തനങ്ങൾ, പൊതുപരിപാടികൾ, കൂടിച്ചേരലുകൾ, വ്യായാമം എന്നിങ്ങനെയുള്ള ആവശ്യാനുസരണം ഗ്രൗണ്ടിന്റെ ശേഷി വർദ്ധിപ്പിക്കും. ഗ്രൗണ്ടിന് ചുറ്റും ലാൻഡ് സ്കെപ്പിങ്ങ് നടത്തി കൂടുതൽ സുന്ദരമാക്കും. വിനോദസഞ്ചാരികളുടെ ശ്രദ്ധ കേന്ദ്രമാക്കി മാറ്റും. ഗ്രൗണ്ട് സ്റ്റേജ് വാടക, മൾട്ടി പർപ്പസ് ഹാൾ വാടക, മാസത്തിൽ ഒരു തവണ ഫ്ളീ മാർക്കറ്റ് നടത്തുക വഴി ലഭിക്കുന്ന വരുമാനം, പരസ്യബോർഡുകളിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധ മാർഗങ്ങളിലൂടെ വരുമാനം കണ്ടെത്തും. മേയർ അഡ്വ. എം അനിൽകുമാർ അധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി ചെയർമാൻ കെ. ചന്ദ്രൻപിള്ള മുഖ്യാതിഥിയായിരുന്നു. മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി മേയർ കെ.എ അൻസിയ വിശിഷ്ടാതിഥിയായും പങ്കെടുത്തു. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി ടൗൺ പ്ലാനിങ് ഓഫീസർ, പ്രൊജക്റ്റ് മാനേജർ എസ്.പി.വി സുഭാഷ് എസ് പദ്ധതി അവതരണം നടത്തി. വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി. എ ഷക്കീർ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സി.ഡി വൽസലകുമാരി, വിദ്യാഭ്യാസകായിക കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി. എ ശ്രീജിത്ത്, ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി സെക്രട്ടറി എം.വി ഷാരി തുടങ്ങിയവർ സംസാരിച്ചു. കിഫ്ബി ഫണ്ടിൽ നിന്ന് 3.88 കോടി ചിലവഴിച്ച് കൊച്ചി നഗരസഭ ജി.സി.ഡി.എ യും സി.എസ്.എം.എല്ലുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 9 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കും.

# ചാമ്പ്യൻസ് ബോട്ട് ലീഗ്: ഒക്ടോബർ 11ന് കൊച്ചി കായലിൽ ആവേശപ്പോരാട്ടം

**കൊച്ചി:** ചാമ്പ്യൻസ് ബോട്ട് ലീഗ് (സി ബി എൽ) മത്സരങ്ങൾ ഒക്ടോബർ 11 ഉച്ചക്ക് രണ്ടിന് കൊച്ചി കായലിൽ നടക്കും. മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ടി.ജെ. വിനോദ് എം.എൽ.എ, ജില്ലാ കളക്ടർ ജി. പ്രിയങ്ക എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു.

സുഗമമായി വള്ളങ്ങൾക്ക് സഞ്ചരിക്കാൻ കായലിലെ ട്രാക്കിന്റെ പരിശോധന നടപടികൾ എളുപ്പത്തിൽ പൂർത്തീകരിക്കണമെന്ന് യോഗത്തിൽ എംഎൽഎ നിർദ്ദേശം നൽകി. ചുണ്ടൻ വള്ളങ്ങൾക്കൊപ്പം പ്രാദേശിക ചെറുവള്ളങ്ങൾ കൂടി ബോട്ട് ലീഗിൽ അണിനിരക്കുന്നതിന് സ്പോൺസർഷിപ്പ് നടപടികൾ വേഗത്തിലാക്കണമെന്നും എംഎൽഎ പറഞ്ഞു.

വിദേശ സഞ്ചാരികൾ ഉൾപ്പെടെയുള്ള കാണികളെ ആകർഷിക്കുന്ന രീതിയിൽ സി.ബി.എൽ മത്സരങ്ങൾ സംഘടിപ്പിക്കണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. ഇതിന്റെ ഭാഗമായി ഹോട്ടൽ, ഹോംസ്റ്റേ പ്രതിനിധികളുടെ യോഗം ഉടൻ ചേരും.

മത്സരത്തിൽ കുടുംബശ്രീയുടെ ഒരു വള്ളം ഉൾപ്പെടുത്താനുള്ള സാധ്യത കുടുംബശ്രീ ജില്ലാ മിഷനുമായി ചേർന്ന് പരിശോധിക്കും. മത്സരങ്ങൾക്ക് സ്പോൺസർഷിപ്പ് നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും യോഗത്തിൽ തീരുമാനമായി. വള്ളംകളിക്ക് മുന്നോടിയായി നാവികസേനയുടെ അഭ്യാസപ്രകടനങ്ങളും വിവിധ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നത് സംബന്ധിച്ചും യോഗം ചർച്ച ചെയ്തു.

വീയപുരം ചുണ്ടൻ, നടുഭാഗം ചുണ്ടൻ, മേൽപ്പാടം ചുണ്ടൻ, നിരണം ചുണ്ടൻ,പായിപ്പാടൻ ചുണ്ടൻ, പറമ്പൻ ചുണ്ടൻ, കാരിച്ചാൽ ചുണ്ടൻ, ചെറുതന ചുണ്ടൻ, ചമ്പക്കുളം ചുണ്ടൻ എന്നീ ഒമ്പത് ചുണ്ടൻ വള്ളങ്ങളാണ് ഇത്തവണ കൊച്ചി കായലിനെ ആവേശത്തിലാഴ്ത്താൻ എത്തുന്നത്.

കളക്ടറുടെ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽ സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജി ശ്രീകുമാർ, ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ ബി അബ്ബാസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം: ഭിന്നശേഷിക്കാർക്കായി പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് 26ന്

**കൊച്ചി:** എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട്, അധ്യാപക/അനധ്യാപക തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനായി രജിസ്ട്രേഷൻ ഡ്രൈവ് സംഘടിപ്പിക്കും. ജില്ലാ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ സെപ്റ്റംബർ 26ന് ആലുവ മിനി സിവിൽ സ്റ്റേഷൻ താലൂക്ക് ഓഫീസ് ഹാളിൽ രജിസ്ട്രേഷൻ നടക്കും. ഇതുവരെ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും പേര് രജിസ്റ്റർ ചെയ്യാത്തവർക്കും, ആലുവ, പറവൂർ, കുന്നത്തുനാട്, കോതമംഗലം എന്നീ താലൂക്കുകളിൽ സ്ഥിര താമസക്കാരായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുമാണ് അവസരം.

യോഗ്യരായ ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, യു ഡി ഐ ഡി കാർഡ് അല്ലെങ്കിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, മേൽവിലാസം തെളിയിക്കുന്ന അസൽ രേഖകൾ എന്നിവ സഹിതം രാവിലെ 10 ന് ഹാജരാകണമെന്ന് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ 04842421633.

## വയോജന മന്ദിരത്തിന്റെയും വനിതാ വിശ്രമ കേന്ദ്രത്തിന്റെയും നിർമ്മാണത്തിന് തുടക്കമായി

**കൊച്ചി:** മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡിൽ വയോജന മന്ദിരത്തിന്റെയും വനിത വിശ്രമ കേന്ദ്രത്തിന്റെയും നിർമ്മാണത്തിന് തുടക്കമായി. റോജി എം. ജോൺ എം എൽ എ തറക്കല്ലിടൽ കർമ്മം നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും 12 ലക്ഷവും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 5 ലക്ഷവും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് 11ലക്ഷം രൂപയും വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

വയോജന ക്ഷേമത്തിനും സ്ത്രീകളുടെ സാമൂഹിക ഇടപെടലുകൾക്കും ഉചിതമായ സൗകര്യങ്ങൾ ഒരുക്കുകയാണ് പദ്ധതിയിലൂട ലക്ഷ്യം വെക്കുന്നത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോയ് അവോക്കാരൻ അധ്യക്ഷനായ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം അനി മോൾ ബേബി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കൊച്ചുത്രേസ്സ്യ തങ്കച്ചൻ, ജനപ്രതിനിധികൾ, വിവിധ കക്ഷി രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## നവീകരണത്തിനൊരുങ്ങി മൂവാറ്റുപുഴ ഗവ. മോഡൽ സ്കൂൾ മൈതാനം

**കൊച്ചി:** കായിക പ്രേമികളുടെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് മൂവാറ്റുപുഴ ഗവ. മോഡൽ സ്കൂൾ മൈതാനം നവീകരണത്തിന് ഒരുങ്ങുന്നു. മാത്യു കുഴൽനാടൻ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ വിനിയോഗിച്ചാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

110 വർഷത്തോളം പഴക്കമുള്ള മൈതാനം ഒരു കാലത്ത് നഗരത്തിലെ കായികമേളകൾ നടന്നിരുന്ന ഇടമാണ്. ഗ്രൗണ്ടിന്റെ ഒരു ഭാഗത്ത് മണ്ണൊലിച്ചുപോയി പാറകൾ തെളിഞ്ഞതോടെ കളിക്കാൻ കഴിയാത്ത അവസ്ഥയിലായി. ഇത് പരിഹരിച്ച് വെള്ളം കൃത്യമായി ഒഴുക്കിവിട്ട് പ്രകൃതിയോടിണങ്ങിയ ടർഫ് മാതൃകയിലുള്ള ഗ്രൗണ്ട് നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.

ടെൻഡർ നടപടികൾ പൂർത്തിയായാൽ ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് നഗരസഭ വൈസ് ചെയർപേഴ്സൺ സിനി ബിജു അറിയിച്ചു. നിലവിൽ അനുവദിച്ചിട്ടുള്ള 30 ലക്ഷം ഉപയോഗിച്ച് ഫലപ്രദമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ജില്ലാ ക്ഷീരസംഗമം 2025 ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** ജില്ലാ ക്ഷീരസംഗമം 2025 ലോഗോ പ്രകാശനം മന്ത്രി പി രാജീവ് നിർവഹിച്ചു. ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ വാഴക്കുളം ബ്ലോക്കിലെ പോഞ്ഞാശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ ഒക്ടോബർ 3,4 തീയതികളിലാണ് പരിപാടി നടക്കുന്നത്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. ലോഗോ പ്രകാശനത്തിൽ മിൽമ എറണാകുളം യൂണിയൻ ചെയർമാൻ സി.എൻ വത്സലൻ പിള്ള, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എം അൻവർ അലി, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി വി പ്രദീഷ്, കുന്നുകര പഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു ,ഡെപ്യൂട്ടി ഡയറക്ടർ എം ഷഫീന, അസിസ്റ്റന്റ് ഡയറക്ടർമാരായ പാർവതി കൃഷ്ണപ്രസാദ്, പ്രിയ ജോസഫ്, ക്ഷീരവികസന ഓഫീസർമാരായ പി എസ് അരുൺ, അനു മുരളി, രതീഷ് ബാബു, സിനി ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സി. എം. വർഗീസ്, സി കെ കാസിം, ക്ഷീര സംഘം ഭാരവാഹികളായ ജബ്ബാർ, കെ.പി. കൃഷ്ണകുമാർ, എൻ.പി. പത്രോസ്, ടി.സി. ജിനീഷ്, ബീരാസ്, എം. കെ. രാമചന്ദ്രൻ, പി.ടി. മാണി എന്നിവർ പങ്കെടുത്തു.




# നമുക്കകത്തുള്ള അറിയാത്തതിനെ വീണ്ടും കണ്ടെത്തി മുന്നോട്ടു പോകണം

**കൊച്ചി:** അറിയാത്ത ഒന്നിനെയാണ് എക്സ് എന്ന് വിശേഷിപ്പിക്കുന്നതെന്നും അകത്തുള്ള അറിയാത്തതിനെ വീണ്ടും കണ്ടെത്തുന്നതാണ് ഇൻസൈറ്റ് എക്സിലൂടെ സാധ്യമാകുന്നതെന്ന് എഴുത്തുകാരനും അസ്സയ് മാട്രിക്സ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സന്തോഷ് നമ്പ്യാർ.

കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസൈറ്റ് എക്സ് സീരിസ് ആറാമത് എഡിഷനിൽ ബോധപൂർവ്വമായ സന്തുലനം; വ്യക്തതയിലേക്കും നവീകരണത്തിലേക്കുമുള്ള പാത എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നമുക്കകത്തുള്ളതെങ്കിലും അറിയാത്തതിനെ വീണ്ടും കണ്ടെത്താനാവുമ്പോൾ നമുക്കകത്തുള്ള കുട്ടി വീണ്ടും ചിരിക്കുമെന്നും വലിയ മാറ്റം ജീവിതത്തിൽ ഉണ്ടാക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു. അനാവശ്യ കാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്നവരുടെ ശരീര കോശങ്ങൾ പോലും സമ്മർദ്ദത്തിലാവുകയും പ്രതിരോധ സംവിധാനങ്ങൾ ഉൾപ്പെടെ പ്രതിസന്ധിയിലാവുകയും ചെയ്യുന്നു. ഭൂതകാലത്തേയും ഭാവി കാലത്തേയോ കുറിച്ചുള്ള ചിന്തകളിൽ മുഴുകി സമ്മർദ്ദങ്ങളുണ്ടാവുകയോ മനസ്സിനേയും ശരീരത്തേയും അത് തകരാറിലാക്കുകയാണ് ചെയ്യുന്നത്. അനാവശ്യ ചിന്തകൾ ഒഴിവാക്കുകയും ഇത്തരം മോശം ചിന്തകൾ നമുക്ക് എന്ത് ഉപകാരമാണ് ചെയ്യുകയെന്ന് ചിന്തിക്കുകയും വേണമെന്നും സന്തോഷ് നമ്പ്യാർ പറഞ്ഞു. കെ.എം.എ സീനിയർ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയറുമായ ദിലീപ് നാരായണൻ , ഹോണററി സെക്രട്ടറി കെ. അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു.

# മെൻ ഓഫ് പ്ലാറ്റിനം എം.എസ് ധോണി സിഗ്നേച്ചർ എഡിഷൻ

**മുംബൈ:** പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പി.ജി.ഐ.) മെൻ ഓഫ് പ്ലാറ്റിനം ബ്രാൻഡ് എം എസ് ധോണി സിഗ്നേച്ചർ എഡിഷനുമായി തിരിച്ചെത്തുന്നു. 95% ശുദ്ധമായ പ്ലാറ്റിനത്തിൽ രൂപകൽപ്പന ചെയ്ത ഈ ആഭരണ ശേഖരം, പ്രതിബദ്ധത, ശാന്തത, ആന്തരിക ശക്തി എന്നിവയെ പ്രതിഫലിപ്പിക്കുന്നതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

പ്ലാറ്റിനത്തിന്റെ സ്വാഭാവിക വെളുപ്പും, മങ്ങാത്തതും തേഞ്ഞുപോകാത്തതുമായ ഗുണവും ഈ ശേഖരത്തെ ശാശ്വതവും അപൂർവവുമാക്കുന്നു. ധോണിയുടെ ജീവിതയാത്രയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ഈ ശേഖരത്തിലെ ഓരോ ആഭരണവും മിനിമലിസ്റ്റിക് ശൈലിയിലും ശക്തമായ രീതിയിലുമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്ലാറ്റിനം ഗ്രിഡ് ബ്രേസ്ലെറ്റ്, മൊമെന്റം ബ്രേസ്ലെറ്റ്, ക്യൂബ് ഫ്യൂഷൻ ബ്രേസ്ലെറ്റ്, ബോൾഡ് ലിങ്ക്സ് ബ്രേസ്ലെറ്റ്, ഹാർമണി ചെയിൻ എന്നിവയാണ് ഈ ശേഖരത്തിലെ പ്രധാന ആഭരണങ്ങൾ. കൂടാതെ, പുതിയ മൂന്ന് ഡിസൈനുകൾ, പ്ലാറ്റിനം ഇൻലേ ബ്രേസ്ലെറ്റ്, യൂണിറ്റി ബ്രേസ്ലെറ്റ്, റീഗൽ ബ്രേസ്ലെറ്റ് എന്നിവയും ഈ ശേഖരത്തിന്റെ ആകർഷണം വർധിപ്പിക്കുന്നു. റോസ് ഗോൾഡ്, മാറ്റ്, ഗ്ലോസി ഫിനിഷുകൾ എന്നിവയുടെ സംയോജനം ഈ ആഭരണങ്ങളെ സ്റ്റൈലിഷും അർത്ഥവത്തവുമാക്കുന്നു. ഓരോ ആഭരണത്തിനും ധോണിയുടെ ഒപ്പ് പതിപ്പിച്ചിരിക്കുന്നു. ഇത് ധോണിയുടെ ആന്തരിക ശക്തിയെയും സ്ഥിരോത്സാഹത്തെയും പ്രതിനിധീകരിക്കുന്നു.

മെൻ ഓഫ് പ്ലാറ്റിനത്തിന്റെ എം എസ് ധോണി സിഗ്നേച്ചർ എഡിഷൻ വാങ്ങുമ്പോൾ മൊമന്റ് വിത്ത് മഹി അനുഭവം കൂടി ലഭിക്കും. ഇത് ഫാൻ മീറ്റിംഗ്, വ്യക്തിഗത സന്ദേശം, അല്ലെങ്കിൽ ധോണിയുടെ പ്രചോദനാത്മക ഓഡിയോ/വീഡിയോ മെസേജ് ആകാം. നവംബർ 16 വരെ റീട്ടെയിൽ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് എം എസ് ധോണിയെ 2026ന്റെ തുടക്കത്തിൽ മുംബൈയിൽ നേരിട്ട് കണ്ടുമുട്ടാനുള്ള അവസരം ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സേവിംഗ്സ് പ്രോ അവതരിപ്പിച്ച് ജിയോ പേമെന്റ്സ് ബാങ്ക്

**കൊച്ചി/ന്യൂദൽഹി:** ജിയോ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ സബ്സിഡിയറി കമ്പനിയായ ജിയോ പേമെന്റ്സ് ബാങ്ക് നൂതനാത്മകമായ സേവിംഗ്സ് പ്രോ പദ്ധതി അവതരിപ്പിച്ചു.

ആദ്യമായാണ് മേഖലയിൽ ഇത്തരമൊരു പദ്ധതി അവതരിപ്പിക്കപ്പെടുന്നതെന്ന് ജിയോ പേമെന്റ്സ് ബാങ്ക് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ വിനോദ് ഈശ്വരൻ പറഞ്ഞു. ഫീച്ചർ ആക്റ്റീവ് ചെയ്താൽ നിങ്ങളുടെ അക്കൗണ്ടിലുള്ള അധിക പണം ഓട്ടോമാറ്റിക്കായി പ്രത്യേക മ്യൂച്ചൽ ഫണ്ടിൽ നിക്ഷേപിക്കപ്പെടുകയാണ് ചെയ്യുന്നത്. ബാങ്ക് അക്കൗണ്ടിൽ പണം വെറുതെ കിടക്കുമ്പോൾ ഉള്ളതിനെ അപേക്ഷിച്ച് മികച്ച പലിശ ലഭിക്കുന്ന തരത്തിലാണ് ഈ നിക്ഷേപം പദ്ധതിയിട്ടിരിക്കുന്നത്.

വളരെ സുരക്ഷിതമായ, ഹ്രസ്വകാല മ്യൂച്ചൽ ഫണ്ടിലായിരിക്കും പണം നിക്ഷേപിക്കുക. ഉപഭോക്താക്കൾക്ക് ഏത് സമയം വേണമെങ്കിലും ഇത് പിൻവലിക്കുകയും ചെയ്യാമെന്നും വിനോദ് ഈശ്വരൻ പറഞ്ഞു. ഏതാനും ക്ലിക്കുകളിലൂടെ ഏതൊരു ജിയോ പേമെന്റ്സ് ബാങ്ക് അക്കൗണ്ട് ഉടമയ്ക്കും സേവിംഗ്സ് പ്രോ അക്കൗണ്ടിലേക്ക് അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.

എത്ര തുകയ്ക്ക് മുകളിൽ നിക്ഷേപം വന്നാലാണ് പദ്ധതിയിൽ ചേരേണ്ടതെന്ന പരിധി ഉപഭോക്താക്കൾക്ക് തീരുമനിച്ച് ആപ്പിൽ സെറ്റ് ചെയ്യാം. 5000 രൂപ മുതലാണ് ഇത് തുടങ്ങുന്നത്. ഈ തുകയ്ക്ക് മുകളിൽ വരുന്ന തുക തെരഞ്ഞെടുത്ത മ്യൂച്ചൽ ഫണ്ടുകളിലേക്ക് ഓട്ടോമാറ്റിക്കായി നിക്ഷേപിക്കപ്പെടുന്നു.

പ്രതിദിനം 150,000 രൂപ വരെ ഈ പദ്ധതി അനുസരിച്ച് ഉപഭോക്താക്കൾക്ക് നിക്ഷേപിക്കാം. നിക്ഷേപത്തിന്റെ 90 ശതമാനം തൽസമയം തന്നെ റെഡീം ചെയ്യാനുള്ള അവസരം ഉപഭോക്താക്കൾക്കുണ്ട്. ഇതിന്റെ പരിധി 50,000 രൂപയാണ്. ഇതിന് മുകളിലുള്ള തുക റെഡീം ചെയ്യാൻ രണ്ട് പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ സാധിക്കും. ജിയോഫിനാൻസ് ആപ്പിലൂടെയാണ് എല്ലാ നടപടിക്രമങ്ങളും സാധ്യമാകുകയെന്നും വിനോദ് ഈശ്വരൻ പറഞ്ഞു.



# മിസ് സൗത്ത് ഇന്ത്യ 2025 മത്സരത്തിന് കൊച്ചിയിൽ തുടക്കമായി

**കൊച്ചി:** സൗന്ദര്യത്തിന്റെ പരമ്പരാഗത നിർവചനങ്ങളെ പൊളിച്ചെഴുതി മിസ് സൗത്ത് ഇന്ത്യ 2025 മത്സരത്തിന് കൊച്ചിയിൽ തുടക്കമായി. 24 പേരാണ് വ്യത്യസ്ത ഘട്ടങ്ങളിലായുള്ള സ്ക്രീനിങ്ങിനു ശേഷം ഗ്രാൻഡ് ഫിനാലെയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. അപേക്ഷ ലഭിച്ച ആയിരത്തിലേറെ പേരിൽ നിന്നാണ് ഫൈനലിസ്റ്റുകളായ 22 പേരിലേക്ക് എത്തിയത്. മിസ് സൗത്ത് മുൻ റണ്ണറപ്പ് കൂടിയായ അർച്ചന രവിയാണ് മിസ് സൗത്ത് ഇന്ത്യ 2025 പേജന്റ് ഡയറക്ടർ.

ഉയരം, നിറം, ശരീരപ്രകൃതി എന്നിവയുടെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങളൊന്നും ഇത്തവണ ഉണ്ടായിരുന്നില്ല. മാത്രമല്ല ട്രാൻസ് വുമൺസിനും അപേക്ഷിക്കാമെന്ന ചരിത്ര തീരുമാനവും ശ്രദ്ധിക്കപ്പെട്ടു. അത്തരത്തിൽ ഒരു ട്രാൻസ് വുമൺ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ വ്യക്തിപരമായ കാരണങ്ങളാൽ ഓഡിഷനു എത്താൻ സാധിച്ചില്ല. ഇതൊരു തുടക്കമാണെന്നും മാറുന്ന സൗന്ദര്യസങ്കൽപ്പത്തെ ആളുകളിലേക്ക് എത്തിക്കുകയാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും അർച്ചന പറഞ്ഞു. ഓഡിഷനു ശേഷം മിസ് ഗ്ലാം വേൾഡ് 2025 റണ്ണറപ്പ് ആയ ശ്വേത ജയറാമിന്റെ നേതൃത്വത്തിൽ ഓൺലൈൻ ഗ്രൂമിങ് ഒരുക്കിയിരുന്നു.

ഓരോരുത്തരുടെയും ആത്മവിശ്വാസം വർധിപ്പിക്കുന്ന രീതിയിൽ ഗ്രൂമിങ് നൽകാൻ സാധിച്ചെന്ന് മിസ് സൗത്ത് ഇന്ത്യ 2025 ബിസിനസ് ഡയറക്ടർ ആയ ജുലിയാന പറഞ്ഞു. ഇത്തവണത്തെ ടൈറ്റിൽ ബിയോണ്ട് ബൗണ്ടറി, ബിയോണ്ട് ബ്യൂട്ടി എന്നാണ്. അതുകൊണ്ട് എല്ലാവർക്കും വലിയ സാധ്യതയാണ് തുറന്നിട്ടിരിക്കുന്നതെന്നും ജുലിയാന പറഞ്ഞു.

26 ന് വൈറ്റിലയിലെ ഇഹ ഡിസൈൻസ് സ്റ്റോറിൽ വെച്ച് ഫാഷൻ ഷോ നടക്കും. അന്ന് പൊതുജനങ്ങൾക്കു മത്സരാർഥികളുമായി സംസാരിക്കാനും അവസരമുണ്ടാകും.

# ഓഫറുകളുമായി ജിയോ ഉൽസവ്

**മുംബൈ/കൊച്ചി:** സന്തോഷത്തിന്റെയും ഒരുമയുടെയും ആഘോഷത്തിന്റെയും ഉൽസവ സീസണിലേക്ക് രാജ്യം കടന്നതോടെ വമ്പൻ ഓഫറുകളുമായി ജിയോ മാർട്ടിന്റെ ജിയോ ഉൽസവ്. ആഘോഷ വേളകൾ കൂടുതൽ ആനന്ദകരമാക്കുകയെന്ന ഉദ്ദേശ്യത്തിലാണ് ജിയോമാർട്ട് സെപ്റ്റംബർ 22 മുതൽ ജിയോ ഉൽസവ് ലോഞ്ച് ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഐഫോൺ 16ഇ 44870 രൂപയ്ക്ക് ലഭിക്കുന്നത് ഉൾപ്പടെ നിരവധി ഓഫറുകൾ ലഭ്യമാണ്. ഐഫോൺ 16 പ്ലസിന്റെ വില തുടങ്ങുന്നത് 61700 രൂപയിലാണ്. ഇതിനോടൊപ്പം ഉപഭോക്താക്കൾക്ക് നിരവധി വമ്പൻ ഇലക്ട്രോണിക് ഡീലുകളും ലഭ്യമാണ്. ഇൻഫിനിക്സ് ജിടി 30, 17499 രൂപ മുതൽ ലഭ്യമാകും. മാക്ബുക്ക് വില തുടങ്ങുന്നത് 49590 രൂപയിലാണ്. സാംസംഗ് 32 ഇഞ്ച് ടിവിക്ക് 10490 രൂപ മുതൽ വില ആരംഭിക്കുന്നു.

സെമി ഓട്ടോമാറ്റിക് വാഷിംഗ് മെഷിനുകൾ 5990 രൂപ മുതൽ തുടങ്ങുന്നു. എസികളുടെ വില ആരംഭിക്കുന്നതാകട്ടെ 22990 രൂപ മുതലാണ്. കിച്ചൻ ഹോം അപ്ലയൻസസ്, ഓഡിയോ ആക്സസറീസ് എന്നിവയ്ക്കെല്ലാം 90 ശതമാനം വിലക്കിഴിവുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ഐസിഐസിഐ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ (ബിഒബി), ആർബിഎൽ ബാങ്ക് എന്നിവയുൾപ്പെടെ മുൻനിര ബാങ്കുകളുമായി ചേർന്ന് 10% വരെ തൽക്ഷണ കിഴിവും ലഭിക്കുമെന്നും ജിയോമാർട്ട് അധികൃതർ വ്യക്തമാക്കി.

# പുതിയ നാല് ടച്ച് പോയിന്റുകൾ സ്ഥാപിച്ച് സ്കോഡ ഓട്ടോ ഇന്ത്യ

**കൊച്ചി:** കാസർഗോഡ്, കായംകുളം, തിരുവല്ല, അടൂർ എന്നിവിടങ്ങളിലായി നാല് പുതിയ വിൽപ്പന സൗകര്യങ്ങൾ ആരംഭിച്ചുകൊണ്ട് സ്കോഡ ഓട്ടോ ഇന്ത്യ കേരളത്തിലെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തി.

ഇ.വി.എം. മോട്ടോഴ്സുമായി സഹകരിച്ചാണ് ഈ പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചത്. പ്രീമിയവും ആധുനികവുമായ സജ്ജീകരണത്തോടെ കാർ വാങ്ങൽ, ഉടമസ്ഥാവകാശ അനുഭവങ്ങൾ ഉയർത്തുന്നതിനാണ് സ്കോഡ ഓട്ടോ ഇന്ത്യയുടെ കേരളത്തിലെ പുതിയ വിൽപ്പന സൗകര്യങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

നിലവിൽ, സ്കോഡയക്ക് കേരളത്തിൽ 23 കസ്റ്റമർ ടച്ച് പോയിന്റുകളും ദക്ഷിണേന്ത്യൻ മേഖലയിലുടനീളം 113 കസ്റ്റമർ ടച്ച് പോയിന്റുകളും ഉണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഗൃഹാതുരത്വമുണർത്തുന്ന ഗൃഹോപകരണങ്ങൾ വീട്ടിലുണ്ടോ? എങ്കിൽ അവ ബിനാലെയിൽ പ്രദർശിപ്പിക്കാം

**കൊച്ചി:** ഗൃഹാതുരത്വമുണർത്തുന്ന ഗൃഹോപകരണങ്ങൾ വീട്ടിലുണ്ടെങ്കിൽ അവ ലോക പ്രശസ്തമായ കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കത്തിന്റെ പ്രദർശനത്തിലുൾപ്പെടുത്താൻ പൊതുജനങ്ങൾക്ക് അസുലഭ അവസരം. ബിനാലെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കാനുള്ള കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ(കെബിഎഫ്) പ്രവർത്തനങ്ങളുടെ ഭാഗമായാണിത്.

ക്ലോക്ക്, കസേര, സൈക്കിൾ, കളിപ്പാട്ടം, കമ്മലുകൾ, ഇസ്തിരിപ്പെട്ടി, കണ്ണാടി, ഫാൻ, ഫോൺ, പ്രതിമ, മേശ, ക്യാമറ, റേഡിയോ, ടി.വി, ചെരുപ്പ്, വിളക്ക്, തുടങ്ങി എന്ത് ഗൃഹോപകരണങ്ങളായാലും പ്രദർശനത്തിൽ ഉൾപ്പെടുത്തും. ചെറിയ കേടുപാടുള്ള വസ്തുക്കളാണെങ്കിൽ പരിമിതമായ തോതിൽ സൗജന്യമായി അവ നന്നാക്കി പ്രദർശനത്തിൽ അവതരിപ്പിച്ചതിനു ശേഷം തിരികെ നൽകും. കൊച്ചിമുസിരിസ് ബിനാലെ മൂന്നാം ലക്കത്തിൽ കബ്രാൾ യാർഡിൽ ഒരുക്കിയ പവലിയൻ പ്രതിഷ്ഠാപനത്തിൽ അഞ്ഞൂറിലധികം സാരികൾ ഉപയോഗിച്ചായിരുന്നു മേൽത്തട്ട് മറച്ചിരുന്നത്. ഇതെല്ലാം പശ്ചിമകൊച്ചി ഭാഗത്തുള്ള വീടുകളിൽ നിന്നായിരുന്നു ശേഖരിച്ചത്. പ്രദർശനത്തിന് ഗൃഹോപകരണങ്ങൾ ഉൾപ്പെടുത്താൻ താത്പര്യമുള്ളവർ 7511151906 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് കെബിഎഫ് അധികൃതർ അറിയിച്ചു.

Kochi-Muziris Biennale 2025

സമകാലീന കലാകാരനായ നിഖിൽ ചോപ്ര ക്യുറേറ്റ് ചെയ്യുന്ന കൊച്ചി ബിനാലെ ആറാം ലക്കം ഡിസംബർ പന്ത്രണ്ടിന് ആരംഭിച്ച് 110 ദിവസത്തെ പ്രദർശനത്തിന് ശേഷം മാർച്ച് 31 ന് സമാപിക്കും. ഫോർ ദി ടൈം ബീയിംഗ് എന്നതാണ് ആറാം ലക്കത്തിന്റെ ക്യൂറേറ്റർ പ്രമേയം.

# ടാറ്റ മോട്ടോഴ്സ് ഏസ് ഗോൾഡ് പ്ലസ് ഡീസൽ മിനിട്രക്ക് പുറത്തിറക്കി

**കൊച്ചി:** വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് എയ്സ് ശ്രേണിയിലെ ഏറ്റവും വില കുറഞ്ഞ ഡീസൽ വേരിയന്റായ ഏസ് ഗോൾഡ് പ്ലസ് പുറത്തിറക്കി. 5.52 ലക്ഷം രൂപയാണ് വില. അസാധാരണമായ പ്രകടനം കാഴ്ചവയ്ക്കുന്നതിനോടൊപ്പം ഈ വിഭാഗത്തിൽ ഏറ്റവും കുറഞ്ഞ ഉടമസ്ഥാവകാശ ചെലവ് ഉറപ്പാക്കുന്ന തരത്തിലാണ് ഏസ് ഗോൾഡ് പ്ലസ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

നൂതനമായ ലീൻ നോക്സ് ട്രാപ്പ് (എൽഎൻടി) സാങ്കേതികവിദ്യയാൽ സജ്ജീകരിച്ചിരിക്കുന്നു എന്നതിനാൽ ഏസ് ഗോൾഡിൽ ഡീസൽ എക്സ്ഹോസ്റ്റ് ഫ്ലൂയിഡിന്റെ (ഡിഇഎഫ്) ആവശ്യകത ഇല്ലാതാക്കുന്നു. ഇത് അറ്റകുറ്റപ്പണികളുടെയും പ്രവർത്തന ചെലവുകളുടെയും അളവ് ഗണ്യമായി കുറയ്ക്കുന്നു. 22പിഎസ് പവറും 55എൻഎം ടോർക്കും നൽകുന്ന ടർബോചാർജ്ഡ് ഡികോർ എഞ്ചിൻ നൽകുന്ന ഏസ് ഗോൾഡ് പ്ലസ്, വൈവിധ്യമാർന്ന ബിസിനസ് ആവശ്യങ്ങൾക്കായി നിർമ്മിച്ചതാണ്. 900 കി.ഗ്രാം പേലോഡ് ശേഷിയും ഒന്നിലധികം ലോഡ് ഡെക്ക് കോൺഫിഗറേഷനുകളും ഉള്ളതിനാൽ വിശാലമായ കാർഗോ ആവശ്യങ്ങൾക്ക് വൈവിധ്യവും കാര്യക്ഷമതയും വാഗ്ദാനം ചെയ്യുന്നു. ടാറ്റ മോട്ടോഴ്സിന്റെ ചെറുകിട വാണിജ്യ വാഹന, പിക്കപ്പ് പോർട്ട്ഫോളിയോ ഏസ് പ്രോ, ഏസ്, ഇൻട്ര, യോദ്ധ എന്നിവയുൾപ്പെടെ 750 കിലോഗ്രാം മുതൽ 2 ടൺ വരെ ഭാരം വാഹിക്കാവുന്ന വാഹനങ്ങൾ ഉൾപ്പെടുന്നതാണ്. കൂടാതെ ഡീസൽ, പെട്രോൾ, സിഎൻജി, ബൈഫ്യൂവൽ, ഇലക്ട്രിക് എന്നിങ്ങനെ വിവിധ പവർട്രെയിനുകളിൽ ലഭ്യവുമാണ്. കരുത്തുറ്റ രീതിയിൽ രൂപകൽപ്പന ചെയ്ത വാഹനങ്ങളുടെ ഈ വിപുലമായ ശ്രേണിക്ക് എഎംസി പാക്കേജുകൾ, യഥാർത്ഥ സ്പെയർ പാർട്സ്, 24 മണിക്കൂർ റോഡ് സൈഡ് അസിസ്റ്റൻസ് എന്നിവ വാഗ്ദാനം ചെയ്യുന്നു.




# മൈ ഹോണ്ട ഇന്ത്യ മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ ആന്റ് സ്കൂട്ടർ ഇന്ത്യ പുതിയ കസ്റ്റമർ കണക്റ്റ് പ്ലാറ്റ്ഫോം മൈഹോണ്ടഇന്ത്യ മൊബൈൽ ആപ്ലിക്കേഷൻ ലോഞ്ച് ചെയ്തു. സമഗ്രമായ ഒരു പ്ലാറ്റ്ഫോമായി രൂപകൽപ്പന ചെയ്തിരിക്കുന്ന പുതിയ മൈ ഹോണ്ടഇന്ത്യ ആപ്പ്, ഉപയോക്താവിന്റെ യാത്രയിലുടനീളം സുതാര്യവും ആകർഷകവുമായ ഡിജിറ്റൽ എൻഡ്ടുഎൻഡ് ഉടമസ്ഥതാ അനുഭവം നൽകിക്കൊണ്ട് എച്ച്എംഎസ്ഐയുടെ നിലവിലുള്ളതും ഭാവിയിലെയും ഉപഭോക്താക്കളുമായും ഇടപഴകുന്ന രീതിയെ പുനർനിർവചിക്കുന്നുവെന്ന് എച്ച്എംഎസ്ഐ സെയിൽസ് & മാർക്കറ്റിംഗ് ഡയറക്ടർ യോഗേഷ് മാഥുർ പറഞ്ഞു.

My Honda HONDA

ഉപഭോക്തൃ സംതൃപ്തിയോടുള്ള എച്ച്എംഎസ്ഐയുടെ പ്രതിബദ്ധതയും, ഉപഭോക്തൃ ജീവിതചക്രത്തിന്റെ ഓരോ ഘട്ടത്തിലും സൗകര്യവും നൂതനത്വവും കൊണ്ടുവരാനുള്ള കാഴ്ചപ്പാടും അടിവരയിടുന്നതാണ് ആപ്പിന്റെ ലോഞ്ച്. ഹോണ്ട വൺ ഐഡി എന്ന ഏകീകൃത ഡിജിറ്റൽ ഐഡന്റിറ്റി സിസ്റ്റം ഇതിൽ സംയോജിപ്പിച്ചിരിക്കുന്നു. ഇത് ഉപഭോക്താക്കൾക്ക് അവരുടെ സെയിൽസ്, സർവീസ്, ഓണർഷിപ്പ് ആവശ്യങ്ങൾക്കായി ഏകീകൃത പ്ലാറ്റ്ഫോം നൽകുന്നു. മൈ ഹോണ്ടഇന്ത്യ വഴി ഉപഭോക്താക്കൾക്ക് ഇപ്പോൾ ഹോണ്ടയുടെ മുഴുവൻ ടൂവീലർ ശ്രേണി പരിശോധിക്കാനും, ഉൽപ്പന്ന ചോദ്യങ്ങൾ ഉയർത്താനും, ഹോണ്ട ടൂവീലർ മോഡലുകൾ താരതമ്യം ചെയ്യാനും, ടെസ്റ്റ് റൈഡുകൾ ബുക്ക് ചെയ്യാനും, ഫിനാൻസ് ഓപ്ഷനുകൾ, പുതിയ അപ്ഡേറ്റുകൾ അറിയിപ്പുകൾ എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനും സാധിക്കും. വാങ്ങൽ ഘട്ടത്തിനപ്പുറം, ഡിജിറ്റൽ ഓണർ മാനുവൽ, ഡോക്യുമെന്റ് സ്റ്റോറേജ്, സർവീസ് അപ്പോയിന്റ്മെന്റ് ബുക്കിംഗ്, റിയൽടൈം സർവീസ് ട്രാക്കിംഗ്, സർവീസ് ഹിസ്റ്ററി ആക്സസ് തുടങ്ങിയ സവിശേഷതകളിലൂടെ ഉപഭോക്താക്കളെ അവരുടെ ഉടമസ്ഥാവകാശ യാത്ര കൈകാര്യം ചെയ്യാൻ ഇത് പ്രാപ്തരാക്കുന്നു. കൂടാതെ, ഭാഗങ്ങൾക്കും ആക്സസറികൾക്കുമുള്ള അന്വേഷണങ്ങൾ, സ്മാർട്ട് വർക്ക്ഷോപ്പ് പിന്തുണ, സെയിൽസ് ആന്റ് സർവീസ് ആവശ്യങ്ങൾക്ക് ഇൻസ്റ്റന്റ് റിമൈൻഡറുകൾ എന്നിവ ഉപഭോക്താക്കൾക്ക് പ്രയോജനകരമാക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.




## എസ്ജിഇപിസി ഔട്ട്സ്റ്റാൻഡിംഗ് എക്സ്പോർട്ട് പെർഫോമൻസ് അവാർഡ് ഫൺസ്കൂൾ ഇന്ത്യയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കളിപ്പാട്ട നിർമ്മാതാക്കളായ ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ്, 2024-25 സാമ്പത്തിക വർഷത്തെ സ്പോർട്സ് ഗുഡ്സ് & ടോയ്സ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ (എസ്ജിഇപിസി) പ്ലാറ്റിനം അവാർഡ് നേടി.

ന്യൂഡൽഹിയിൽ നടന്ന എക്സ്പോർട്ട് അവാർഡ് ചടങ്ങിൽ, യുവജനകാര്യ കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയുടെ സാന്നിധ്യത്തിൽ, ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ് സിഇഒ കെ എ ഷബീർ അവാർഡ് ഏറ്റുവാങ്ങി.

## ജിഎസ്ടി പേയ്മെൻറുകൾക്കായി ഡിബിഎസ് ബാങ്ക് ഇന്ത്യയെ ഏജൻസി ബാങ്കായി അംഗീകരിച്ചു

DBS Live more, Bank less

**കൊച്ചി;** റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) ഡിബിഎസ് ബാങ്ക് ഇന്ത്യയെ ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (ജിഎസ്ടി) പേയ്മെൻറുകൾക്കായുള്ള ഏജൻസി ബാങ്കായി അംഗീകരിച്ചു. ഇതോടെ ആർബിഐയുടെ ഈ അംഗീകാരം ലഭിക്കുന്ന ഒരു വിദേശ ബാങ്കിൻറെ ഇന്ത്യയിലെ ഏക പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായി ഡിബിഎസ് ബാങ്ക് ഇന്ത്യ മാറി.

ഡിബിഎസ് ബാങ്ക് ഇന്ത്യയുടെ എൻറർപ്രൈസുകൾക്കായുള്ള ഡിജിറ്റൽ ബാങ്കിങ് പ്ലാറ്റ്ഫോമായ ഡിബിഎസ് ഐഡിയൽ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് തൽക്ഷണം ജിഎസ്ടി പേയ്മെൻറുകൾ നടത്താൻ സൗകര്യമൊരുക്കും. ഈ പ്ലാറ്റ്ഫോമിലൂടെ ഉപഭോക്താക്കൾക്ക് ഉടൻ തന്നെ ജിഎസ്ടി പേയ്മെൻറ് രേഖകൾ ഡൗൺലോഡ് ചെയ്യാനും ഇടപാടുകളുടെ തത്സമയ സ്റ്റാറ്റസ് അറിയാനും ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾ പ്രത്യേക ക്ലയൻറ് സർവീസ് സേവനകളിലൂടെ പരിഹരിക്കാനും സാധിക്കും.

## ജിഎസ്ടി ഇളവ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കും: നെസ്ലെ ഇന്ത്യ

**കൊച്ചി:** സർക്കാരിന്റെ പുതുക്കിയ ജിഎസ്ടി ആനുകൂല്യം ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാകുമെന്ന് നെസ്ലെ ഇന്ത്യ. ജിഎസ്ടി നിരക്കിലെ കുറവ് ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് വളരെ ഗുണകരമാകുമെന്നും, ഇതിലൂടെ ഉപഭോഗം വർധിപ്പിക്കുകയും സമ്പദ്വ്യവസ്ഥയുടെ സമഗ്ര വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുമെന്നും 113 വർഷത്തിലേറെയായി ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ് നെസ്ലെയെന്നും, നെസ്ലെ ഇന്ത്യ ചെയർമാനും മാനേജിങ് ഡയറക്ടറുമായ മനീഷ് തിവാരി പറഞ്ഞു. സുതാര്യത ഉറപ്പാക്കുന്നതിനായി, ദേശീയവും പ്രാദേശികവുമായ പത്രങ്ങളിലൂടെ നെസ്ലെ ഇന്ത്യ ഈ ഗുണങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ മൊത്തക്കച്ചവടക്കാർക്കും, വിതരണക്കാർക്കും, ചെറുകിട കച്ചവടക്കാർക്കും വിവരങ്ങൾ കൈമാറിയെന്നും കമ്പനി അറിയിച്ചു.

## കെ.വി. ബംഗാർരാജു എസ്ബിഐ ചീഫ് ജനറൽ മാനേജർ

**തിരുവനന്തപുരം:** കെ.വി. ബംഗാർരാജു സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം സർക്കിൾ ചീഫ് ജനറൽ മാനേജരായി ചുമതലയേറ്റു. 1995ൽ പ്രൊബേഷണറി ഓഫീസറായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം, ബാങ്കിംഗിന്റെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തിയാണ്. മൂന്നു ദശാബ്ദങ്ങളായിട്ടുള്ള സേവന കാലയളവിൽ അദ്ദേഹം എസ്ബിഐ പാറ്റ്ന സർക്കിളിൽ ചീഫ് ജനറൽ മാനേജർ, കൊൽക്കത്തയിലെ സ്റ്റേറ്റ് ബാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഡർഷിപ്പിൽ ഡയറക്ടർ, നൽഗോണ്ട ഡെപ്യൂട്ടി ജനറൽ മാനേജർ, മുംബൈയിലെ ബാങ്കിന്റെ ആസ്ഥാനത്ത് ചെയർമാൻ, സെക്രട്ടേറിയറ്റിൽ അസിസ്റ്റൻറ് ജനറൽ മാനേജർ എന്നീ പ്രധാന തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.



# ന്യൂ ജേഴ്സി ഗവർണർ കേരള സ്റ്റാർട്ടപ്പ് മിഷൻ സന്ദർശിച്ചു

**കൊച്ചി:** അമേരിക്കയിലെ ന്യൂ ജേഴ്സി ഗവർണർ ഫിൽ മർഫിയും പ്രഥമ വനിത ടാനി സ്നൈഡർ മർഫിയുമടങ്ങുന്ന 30 അംഗ ഉന്നതതല സംഘം കേരള സ്റ്റാർട്ടപ്പ് മിഷൻ കളമശേരി കാമ്പസ് സന്ദർശിച്ചു. കേരളത്തിന്റെ ശക്തമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെക്കുറിച്ചും പരസ്പര സഹകരണത്തിനുള്ള സാധ്യതകളെക്കുറിച്ചും കൂടുതലറിയാനാണ് സന്ദർശനം. ചൂസ് ന്യൂ ജേഴ്സി'യെന്ന സാമ്പത്തിക എൻജിഒ അടക്കമുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നാണ് പ്രതിനിധികളെത്തിയത്.

പര്യടനത്തിന്റെ ഭാഗമായി, കേരളത്തിന്റെ ചടുലമായ ആവാസവ്യവസ്ഥയെക്കുറിച്ചും സൂപ്പർ ഫാബ് ലാബ്, മേക്കർ വില്ലേജ് (ഇലക്ട്രോണിക്സ് ഹാർഡ് വെയർ ഇൻകുബേഷൻ സെന്റർ) ഉൾപ്പെടെയുള്ള നൂതന സൗകര്യങ്ങളും പ്രതിനിധി സംഘം വിലയിരുത്തി.

ഹെൽത്ത് ടെക്, ഡീപ് ടെക്, എഐ തുടങ്ങിയ മേഖലകളിലെ 12 കേരള സ്റ്റാർട്ടപ്പ് സ്ഥാപകരുമായി ചൂസ് ന്യൂ ജേഴ്സിയുടെ സിഇഒ വെസ്ലി മാത്യൂസ് ഉൾപ്പെടെയുള്ള പ്രതിനിധി സംഘം സംവദിച്ചു. ഗവേഷണ ഉന്നത വിദ്യാഭ്യാസ സഹകരണങ്ങൾക്കായി കുസാറ്റ് നേതൃത്വവുമായും സംഘം ചർച്ച നടത്തി. കെഎസ് യുഎമ്മിന്റെ സ്റ്റാർട്ടപ്പ് ഷോക്കേസ് സന്ദർശിക്കുകയും സ്ഥാപകരുമായി നേരിട്ട് സംവദിക്കുകയും ചെയ്തു. സ്റ്റാർട്ടപ്പുകൾക്കും ഗവേഷണ സഹകരണങ്ങൾക്കും ആഗോളതലത്തിൽ സഹകരണം ഉറപ്പാക്കുന്നതിനും ആഗോളതലത്തിലുള്ള കണ്ടുപിടിത്തങ്ങൾക്കും വിപണി പ്രവേശനത്തിനും കേരളത്തെ പ്രധാനകേന്ദ്രമാക്കുന്നതിനുള്ള കെഎസ് യുഎമ്മിന്റെ ശ്രമങ്ങൾക്ക് സന്ദർശനം പ്രചോദനമാകുമെന്ന് സിഇഒ അനൂപ് അംബിക പറഞ്ഞു.

# എവറെഡി മൊബൈൽ അസസ്സറീസ് മേഖലയിലേക്കും

**കൊച്ചി:** മുൻനിര ബാറ്ററി, ഫ്ലാഷ് ലൈറ്റ് ബ്രാൻഡ് ആയ എവറെഡി മൊബൈൽ അസസ്സറീസ് മേഖലയിലേക്കും കടക്കുന്നു. ബിൽറ്റ് ഇൻ കേബിൾ മോഡലുകളുമായി 5000 എംഎഎച്ച് മുതൽ 20,000 എംഎഎച്ച് വരെയുള്ള പവർബാങ്കുകൾ, 12 വാട്ട് മുതൽ 65 വാട്ട് ജിഎഎൻ വരെയുള്ള ചാർജറുകൾ തുടങ്ങിയവ എവറെഡി അവതരിപ്പിച്ചു. ഉപഭോക്താക്കളുടെ അതിവേഗത്തിലുള്ള ആധുനിക ജീവിതശൈലിക്ക് ഉതകുന്ന വിധത്തിൽ എവറെഡിയുടെ സിഗ്നേചർ ഗുണമേൻമയും പുതുമയും ഉൾക്കൊള്ളുന്നതാണ് പുതിയ ഉൽപന്ന നിര.




വളരെ ഒതുങ്ങിയ സൗകര്യപ്രദമായി ഉപയോഗിക്കാനാവുന്ന 5000 എംഎഎച്ച് മുതൽ 20,000 എംഎഎച്ച് വരെയുള്ള പവർ ബാങ്കുകളാണ് എവറെഡി അവതരിപ്പിക്കുന്നത്. കേബിൾ ഉൾപ്പെട്ട വേരിയൻറുകളും അവതരിപ്പിക്കുന്നുണ്ട്. അതിവേഗ ചാർജിങ് സാധ്യമാക്കുന്ന 65 വാട്ട് ജിഎഎൻ ചാർജറുകളും അവതരിപ്പിക്കുന്നുണ്ട്. കൂടാതെ ആപ്പിൾ, ആൻഡ്രോയ്ഡ്, ടൈപ് സി ഡിവൈസുകൾക്ക് ഉപയോഗിക്കാവുന്ന ചാർജിങ് കേബിളുകളാണ് എവറെഡി അവതരിപ്പിക്കുന്നത്.



# റേസ് ടു സീറോ പദ്ധതി: ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ 2050ഓടെ നെറ്റ് സീറോ സ്ഥാനം കൈവരിക്കും

**കൊച്ചി:** ആസ്റ്റർ ഡി എം ഹെൽത്ത്കെയർ, 2050ഓടെ നെറ്റ് സീറോ കാർബൺ ബഹിർഗമനം കൈവരിക്കുന്നതിനുള്ള ആഗോള സഖ്യമായ യുണൈറ്റഡ് നേഷൻസ് റേസ് ടു സീറോ ക്യാംമ്പയിനിൽ ഔദ്യോഗികമായി അംഗത്വം നേടി.

റേസ് ടു സീറോ പ്രതിബദ്ധതയുടെ ഭാഗമായി, 2050ഓടെ തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും നെറ്റ് സീറോ ബഹിർഗമനം കൈവരിക്കും എന്ന പ്രതിജ്ഞ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഏറ്റെടുത്തു. ആഗോളതാപനം ഒന്നര ഡിഗ്രി സെൽഷ്യസ് ആയി പിടിച്ചുനിയർത്തുന്നതിനായി ആഗോളതലത്തിൽ നടക്കുന്ന കൂട്ടായ പരിശ്രമമാണിത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, ഊർജ്ജ ഉപഭോഗം കുറയ്ക്കുകയും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിലേക്ക് മാറുകയും ഉയർന്ന സുസ്ഥിരതാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുകയും ചെയ്യുമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. . ശക്തമായ മാലിന്യ നിർമാർജന, പുനരുപയോഗ രീതികളിലൂടെ മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുകയും മഴവെള്ള സംഭരണം, മലിനജല സംസ്കരണം എന്നിവയിലൂടെ ജലസംരക്ഷണം ഉറപ്പാക്കുകയും ചെയ്യും. കൂടാതെ, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളും വസ്തുക്കളും ലഭ്യമാക്കി ഹരിത പ്രവർത്തന രീതികൾക്ക് മുൻഗണന നൽകും. കാർബൺ അക്കൗണ്ടിംഗിലും ഊർജ്ജ നിരീക്ഷണ സാങ്കേതിക വിദ്യകളിലും നിക്ഷേപം നടത്തി കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നിരീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുക എന്നതും പ്രഖ്യാപിത ലക്ഷ്യങ്ങളാണ്.

കാലാവസ്ഥാവ്യതിയാനം ആരോഗ്യമേഖലയെ നേരിട്ട് ബാധിക്കുന്ന ഒന്നാണെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. എല്ലാവരെയും നന്നായി പരിചരിക്കുക എന്നതാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ദൗത്യം. സ്വാഭാവികമായും ആ ദൗത്യത്തിൽ നമ്മുടെ പരിസ്ഥിതിയും ഭാഗമാണ്. ആരോഗ്യസംരക്ഷണത്തിന്റെ ഭാഗം തന്നെയാണ് പരിസ്ഥിതി സംരക്ഷണമെന്നും അദ്ദേഹം പറഞ്ഞു. ഈ തിരിച്ചറിവാണ് റേസ് ടു സീറോ ക്യാംമ്പയിനിൽ ചേരാനുള്ള തീരുമാനത്തിന് പിന്നിൽ. ആസ്റ്റർ ശൃംഖലയുടെ പ്രവർത്തനം മുഴുവൻ സുസ്ഥിരരീതികളിലേക്ക് മാറുന്നതോടെ ആരോഗ്യരംഗത്ത് അതൊരു വലിയ മാതൃകയായി മാറുമെന്നാണ് കരുതുന്നതെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com